# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 941

11.06.2014 ലെ മറുപടിക്ക്

### ഡ്രീം ഡീൽസ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മോയിൻ കുട്ടി<br>ശ്രീ. എം. ഉമ്മർ | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതു ലക്ഷ്യമിട്ടുള്ള ഡ്രീം ഡീൽസ് പദ്ധതിക്ക് ലഭിക്കുന്ന പ്രതികരണം ഏതുവിധത്തിലുള്ളതാണെന്ന് വിശദമാക്കുമോ ; | എ) കേരള ടൂറിസം ആവിഷ്കരിച്ച ഡ്രീം സീസൺ കാമ്പയിനിംഗിന് വിനോദസഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിനോദ സഞ്ചാരികൾക്ക് സ്വന്തമായി itinerary തയ്യാറാക്കി അംഗീകൃത ടൂർ ഓപ്പറേറ്റർമാരെ നേരിട്ട് ബന്ധപ്പെടാൻ ഈ കാമ്പയിനിംഗ് സഹായിക്കുന്നു. ഇന്ത്യയിലൊട്ടാകെ ഒരു മാസം ഇതിനകം 3400 പേർ ടൂർ പാക്കേജുകൾ അംഗീകരിച്ച് രജിസ്ട്രേഷൻ നടത്തികഴിഞ്ഞു. ഈ പദ്ധതിയിലൂടെ വരുന്ന വിനോദസഞ്ചാരികൾക്ക് ഹോട്ടലുകളിലും ടൂർ ഓപ്പറേറ്റർമാർ മുഖേനയും നിരക്കുകളിൽ ഡിസ്കൗണ്ട് ഏർപ്പെടുത്തിവരുന്നുണ്ട്. |
| ബി) കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യേകതകൾ ആസ്വദിക്കാനായി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ടോ ; അതു സംബന്ധിച്ച വിശദവിവരം നൽകാമോ ; | ബി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസന പ്രവർത്തനം നടത്തുമ്പോൾ ടൂറിസ്റ്റുകൾക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യേകതകൾ ആസ്വദിക്കുന്നതിനായി റെയിൻ ഷെൽട്ടർ, വാച്ച് ടവർ, നടപ്പാതകൾ, ഇരിപ്പിടങ്ങൾ, ക്ലോക്ക് ടവർ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് വകുപ്പ് മുൻകൈ എടുത്തുവരുന്നു. കൂടാതെ സംസ്ഥാനത്ത് എല്ലാ സീസണിലും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി വിവിധ തലങ്ങളിൽ ക്യാമ്പയിൻ നടത്തുകയും |

(..........2)

ദൃശ്യ-ശ്രവ്യ-ഡിജിറ്റൽ മാധ്യമങ്ങളിലൂടെ പ്രചാരണവും നൽകി വരുന്നു.

സി) മൺസൂൺ കാലത്ത് വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ മുന്നറിയിപ്പുകൾ നൽകുന്നതിനും ഇതോടൊപ്പം പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ശ്രദ്ധിക്കുമോ?

സി) മൺസൂൺ കാലത്ത് വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വിനോദസഞ്ചാര മേഖലകളിൽ ലൈഫ് ഗാർഡുമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ദൃശ്യ-ശ്രവ്യ-ഡിജിറ്റൽ മാധ്യമങ്ങളിലൂടെ മുന്നറിയിപ്പുകളും ടോൾ ഫ്രീ നമ്പറിലൂടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റുകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി മുന്നറിയിപ്പ് ബോർഡുകളും മറ്റും സ്ഥാപിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**